**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 117** **29-01-2024 - ൽ മറുപടിയ്ക്ക്**

**ചാലക്കുടിയിൽ പോലീസ് ജീപ്പ് ആക്രമിച്ചത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ചാലക്കുടിയിൽ പോലീസ് ജീപ്പ് അടിച്ചു തകർക്കുകയും, ജീപ്പിന് മുകളിൽ കയറിനിന്ന് കലാപാഹ്വാനം നൽകുകയും ഡി.വൈ.എസ്.പി ഉൾപ്പടെയുള്ള പോലീസുകാരെ അസഭ്യം പറയുകയും ചെയ്ത ഭരണപക്ഷാനുകൂല യുവജന സംഘടനയുടെ നേതാവിനെ പോലീസ് കസ്റ്റഡിയിലെടുത്തിട്ടും ഭരണകക്ഷിയിൽപെട്ട നേതാക്കൾ ഇടപെട്ട് മോചിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | പ്രസ്തുത ആരോപണവുമായി ബന്ധപ്പെട്ട് ചാലക്കുടി പോലീസ് സ്റ്റേഷനിൽ Cr.No. 1590/2023 U/s 143, 147, 341, 353, 225, 225b, 149 IPC & Sec. 117(e) of KP Act ആയി 16 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളിൽ ഒരാളായ നിധിൻ പുല്ലൻ എന്നയാളെ പിറ്റേ ദിവസം (23.12.2023 ന്) നിയമാനുസരണം അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ടി സംഭവം നടന്ന് എത്ര ദിവസം കഴിഞ്ഞാണ് പോലീസ് ഭരണപക്ഷാനുകൂല യുവജന സംഘടനയുടെ നേതാവിനെ അറസ്റ്റ് ചെയ്തത്; | (ബി) | ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു. |
| (സി) | അദ്ദേഹത്തിനെതിരെ പോലീസ് ഏതെല്ലാം വകുപ്പുകളാണ് ചുമത്തിയിട്ടുള്ളത്? | (സി) | ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ